## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2602** **07.10.2016 ൽ മറുപടിയ്ക്ക്**

**ഹെൽമറ്റ് വേട്ടയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ**

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഹെൽമറ്റ് വേട്ടയുമായി ബന്ധപ്പെട്ട് അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ട്രാഫിക്ക് നിയമം ലംഘിക്കുന്നവരെ ക്യാമറയിൽ പകർത്തി ഫൈൻ ഈടാക്കുന്നതാണ് കൂടുതൽ ഫലപ്രദമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഹെൽമറ്റ് നിയമലംഘനം തടഞ്ഞു നിർത്തി പരിശോധിക്കുന്നതിനേക്കാൾ കൂടുതൽ ഫലപ്രദവും, അപകടരഹിതവുമായത് ക്യാമറയിൽ പകർത്തി നടപടികൾ എടുക്കുന്നതായതുകൊണ്ട് അത്തരത്തിലുള്ള നടപടികളും മോട്ടോർ വാഹന വകുപ്പ് ചെയ്തുവരുന്നുണ്ട്. ഇതിനായി 580 ക്യാമറകൾ ഫീൽഡ് ഉദ്യോഗസ്ഥർക്ക് നൽകുകയും അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | ആർ.ടി. ഓഫീസുകൾ കേന്ദ്രീകരിച്ച് പ്രസ്തുത സൗകര്യം ഉപയോഗിച്ച് വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. മോട്ടോർ വാഹന വകുപ്പ് 580 ക്യാമറകൾ വാങ്ങി ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഈ ക്യാമറകളുടെ ഫലപ്രദമായ ഉപയോഗത്തിലൂടെ തടസ്സങ്ങളോ എതിർപ്പുകളോ കൂടാതെ നിയമലംഘനം നടത്തുന്നവരെ തെളിവുകളോടെ പിടികൂടാൻ സാധിക്കുന്നുണ്ട്. |
| (സി) | ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം എത്ര ട്രാഫിക്ക് ഒഫൻസ് കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത കാലഘട്ടത്തിൽ അപകടങ്ങൾ കൂടുതൽ രജിസ്റ്റർ ചെയ്തത് ഏത് ജില്ലയിലാണെന്ന് വെളിപെടുത്തുമോ? | (സി) | 1.തിരുവനന്തപുരം - 6812<br>2.കൊല്ലം - 6419<br>3.പത്തനംതിട്ട - 4420<br>4.ആലപ്പുഴ - 10828<br>5.കോട്ടയം - 34692<br>6.ഇടുക്കി - 4292<br>7.എറണാകുളം - 22376<br>8. തൃശ്ശൂർ - 13249<br>9. പാലക്കാട് - 6928 |

| | | | |
|---|---|---|---|
| | | | 10.മലപ്പുറം - 8529<br>11.കോഴിക്കോട് - 10003<br>12.കണ്ണൂർ - 16329<br>13.വയനാട് - 360<br>14. കാസർഗോഡ് - 3097<br><br>മോട്ടോർ വാഹന വകുപ്പ് രജിസ്റ്റർ ചെയ്ത കണക്കനുസരിച്ച് കോട്ടയം ജില്ലയിലാണ് കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ